# വലഞ്ചുഴി ദേവസ്വം

**മല്ലശ്ശേരി പി.ഒ., ഫോൺ : 0468 2333100.**

നമ്പർ : 92/09

## നോട്ടീസ്

വലഞ്ചുഴി ദേവസ്വത്തിന്റെ, വാർഷിക പൊതുയോഗം **2009 നവംബർ മാസം 29 (ഞായർ) രാവിലെ 10.30 ന് ദേവസ്വം ആഡിറ്റോറിയത്തിൽ** ദേവസ്വം പ്രസിഡന്റ് **അഡ്വ. ഡി. അശോക് കുമാറിന്റെ** അദ്ധ്യക്ഷതയിൽ ചേരുന്നു. താങ്കൾ കൃത്യസമയത്തുതന്നെ യോഗത്തിൽ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ദേവസ്വത്തിനുവേണ്ടി,
ഒപ്പ്

വലഞ്ചുഴി,
10.11.2009.

**എം.എൻ. ജനാർദ്ദനൻ നായർ**
സെക്രട്ടറി

## കാര്യപരിപാടി

**2009 നവംബർ 29 ഞായർ**

രാവിലെ 10.30 ന് : ഈശ്വരപ്രാർത്ഥന

സ്വാഗതം : **എം.എൻ. ജനാർദ്ദനൻ നായർ** (സെക്രട്ടറി)

അദ്ധ്യക്ഷൻ : **അഡ്വ. ഡി. അശോക് കുമാർ** (പ്രസിഡന്റ്)

റിപ്പോർട്ട്, വരവ് ചെലവ് കണക്ക്

വികസന പദ്ധതി : ക്ഷേത്രനവീകരണം

അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ

കൃതജ്ഞത : **പി. വിദ്യാധരൻ നായർ** (ട്രഷറാർ)

---

*NB :*
- *പൊതുയോഗത്തിലേക്കുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 25.11.09, 5 പി.എം.ന് മുൻപായി ദേവസ്വത്തിൽ എത്തിക്കേണ്ടതാണ്.*
- *ചോദ്യകർത്താക്കൾ പൊതുയോഗത്തിൽ ഹാജരായിരിക്കണം.*

ഓം ശ്രീ ഭുവനേശ്വര്യൈ നമഃ

# പ്രവർത്തന റിപ്പോർട്ട്

**(01.07.2007 മുതൽ 30.06.2009)**
**(08.11.2009-ലെ കൗൺസിൽ യോഗം അംഗീകരിച്ചത്)**

പുണ്യാത്മൻ,

വലഞ്ചുഴി ദേവിയുടെ തിരുമുമ്പിൽ 18.11.2007 ൽ രാവിലെ 11.30 ന് ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ നടന്ന സത്യപ്രതിജ്ഞ ചടങ്ങോടെ അഡ്വ. ഡി. അശോക് കുമാർ-പ്രസിഡന്റ് (വെട്ടിപ്രം), അഡ്വ. എ.സുരേഷ് കുമാർ-വൈസ് പ്രസിഡന്റ് (പത്തനംതിട്ട മറൂർ), എം.എൻ. ജനാർദ്ദനൻ നായർ-സെക്രട്ടറി (പ്രമാടം-വലഞ്ചുഴി), കെ. ജയരാജ്-ജോ.സെക്രട്ടറി (പത്തനംതിട്ട-വലഞ്ചുഴി), കെ.സുഭാഷ്-ജോ.സെക്രട്ടറി (പ്രമാടം), പി.വിദ്യാധരൻ നായർ-ഖജാൻജി (കുമ്പഴ), സി.ആർ.അരവിന്ദാക്ഷൻ (തുണ്ടുമൺകര), അജികുമാർ (പത്തനംതിട്ട ഠൗൺ), എ.ആർ. രാജേഷ് (വെട്ടൂർ), നാരായണൻ നായർ (പ്രമാടം-മറൂർ), കൃഷ്ണ കുമാർ (നന്നുവക്കാട്), പി.എസ്. മനോജ് കുമാർ (പാലമറൂർ), അഡ്വ. റോഷൻ ആർ. നായർ (അഴൂർ) എന്നിവർ ഭരണ സമിതിയംഗങ്ങളായും വെട്ടൂർ കരയിൽ കീയോടിൽ വീട്ടിൽ ശ്രീ. ഗോപിനാഥൻ നായർ, പത്തനംതിട്ട വലഞ്ചുഴി കരയിൽ വെള്ളുവെട്ടു വേലിൽ മഠത്തിൽ ബ്രഹ്മശ്രീ. ഡി. രാജേഷ്, പത്തനംതിട്ട-വലഞ്ചുഴി കരയിൽ കുമാ രമംഗലത്ത് വീട്ടിൽ ശ്രീ. കെ. നന്ദകുമാരൻ നായർ എന്നിവർ ഉപദേശകരായും ചുമ തലയേറ്റു. മൈലപ്ര കരയിൽ തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കാതെ വന്നിട്ടുള്ളതിനാൽ ടി കരയിൽ നിന്നുള്ള പ്രതിനിധിയെ ഭരണസമിതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. പിന്നീട് നന്നുവക്കാട് കരയിൽ നിന്നുള്ള ഭരണസമിതി അംഗം ശ്രീ. കൃഷ്ണകുമാർ വിദേശത്ത് പോയതിനാൽ ടി കരയിൽ നിന്നുള്ള പ്രാതിനിധ്യവും ഇല്ലായിരുന്നു. കഴിഞ്ഞ ഭരണസമിതിക്ക് സമയപരിധിമൂലം പൂർത്തി യാക്കാൻ സാധിക്കാതെ വന്ന പ്രവർത്തനങ്ങളും, ഭക്തജനങ്ങൾക്ക് പ്രയോജനപ്രദ മായ മറ്റുപ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഈ ഭരണ സമിതി പരമാവധി ശ്രമിച്ചിട്ടുണ്ട്. ആയതിലേക്ക് സ്തുത്യർഹമായും, ആത്മാർത്ഥ മായും പ്രവർത്തിച്ച ദേവസ്വം കൗൺസിൽ അംഗങ്ങൾക്ക് ആദ്യമായി നന്ദി രേഖപ്പെ ടുത്തുന്നു. ഈ പ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം സഹകരിച്ച ഭക്തജനങ്ങൾക്കും, വിശിഷ്ടാവ്യക്തികൾക്കും നന്ദി രേഖപ്പെടുത്തുന്നു.

## ■ അനുശോചന പ്രമേയം

ക്ഷേത്രത്തിന്റെ മുൻ അവകാശികളായിരുന്ന പത്തനംതിട്ട – വലഞ്ചുഴി വെള്ളു വെട്ടുവേലി മഠത്തിൽ ശ്രീ. രാജഗോപാലൻ പോറ്റി, ശ്രീ. ദിവാകരൻ പോറ്റി, ദേവസ്വം മുൻസെക്രട്ടറി കെ. ശങ്കരൻ നായർ എന്നിവരുടെ നിര്യാണത്തിൽ ദേവസ്വം അനു ശോചനം രേഖപ്പെടുത്തുകയും, പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥി ക്കുകയും ചെയ്യുന്നു.

ഈ ഭരണസമിതിയുടെ കാലയളവിൽ നമ്മേ വിട്ടുപിരിഞ്ഞ മുൻ കൗൺസിൽ അംഗങ്ങൾക്കും 14 കരകളിലേയും ഭക്തജനങ്ങൾക്കും അനുശോചനം രേഖപ്പെടു ത്തുകയും പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# പ്രവർത്തന റിപ്പോർട്ട്

## ■ വിദ്യാരംഭം

നിലവിലുള്ള ഭരണസമിതിയുടെ കാലഘട്ടത്തിൽ നടന്ന വിദ്യാരംഭ ചടങ്ങു കൾ ആചാരാനുഷ്ഠാനങ്ങളോടെയും ഭക്തിനിർഭരമായും നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഇതിന് നേതൃത്വം നൽകിയ ആചാര്യന്മാർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. നൂറുകണക്കിന് പിഞ്ചോമനകൾ ഈ ധന്യമുഹൂർത്തത്തിൽ ആദ്യാക്ഷരം കുറിച്ചു.

## ■ ആയില്യപൂജ

ദേവപ്രശ്ന പരിഹാരത്തിൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് സർപ്പപ്രീതിക്കാ യും, സർവ്വ ഐശ്വര്യങ്ങൾക്കായും നടത്തിവരുന്ന ആയില്യപൂജ ഭക്തിയുടെ നിറ വിൽ ആചാരവിധിപ്രകാരം ആഘോഷിച്ചു. നൂറും പാലും മറ്റ് വിശേഷ പൂജകളും അന്നേ ദിവസം നടന്നു.

## ■ മണ്ഡലചിറപ്പുമഹോത്സവം

നിലവിലുള്ള ഭരണസമിതിയുടെ കാലഘട്ടത്തിൽ മണ്ഡലചിറപ്പുമഹോത്സവം വിപുലമായി മുടക്കം കൂടാതെ നടത്തുവാൻ സാധിച്ചിട്ടുണ്ട്. മണ്ഡലകാലത്ത് ക്ഷേത്രക്കടവിൽ കടത്തുവള്ളം ഉണ്ടായിരുന്നത് നിരവധി ഭക്തർക്ക് ആശ്വാസ മായിരുന്നു.

## ■ തിരു ഉത്സവം

ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ നടന്ന ഉത്സവങ്ങൾ ഭക്തിസാന്ദ്രമാ യും, ആചാരാനുഷ്ഠാനങ്ങൾക്ക് കോട്ടം വരാതെയും നടത്തുവാൻ സാധിച്ചു. തിരുവുത്സവത്തിന്റെ വിജയകരമായ നടത്തിപ്പിനായി പ്രവർത്തിച്ച കരക്കമ്മിറ്റി അംഗ ങ്ങളോടും, ഭക്തജനങ്ങളോടും പ്രത്യേകം നന്ദി അറിയിക്കുന്നു.

ക്ഷേത്രപുനരുദ്ധാരണത്തിന് പ്രാമുഖ്യം നൽകുന്നതിനാൽ കലാപരിപാടികൾ നടത്തുന്നത് ദേവസ്വം പ്രോത്സാഹിപ്പിച്ചിരുന്നില്ല. കരകമ്മറ്റികൾ സമയബന്ധിതമായി കണക്കുകൾ ദേവസ്വത്തിൽ നൽകാത്തതുമൂലം കൃത്യമായി ഇവ വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. തിരുവുത്സവത്തോടനുബന്ധിച്ചുള്ള ഉത്സവബലി ബുക്കുചെയ്ത് നടത്തുന്നതിന് ദേവസ്വം നടപടി സ്വീകരിച്ചിട്ടുള്ളതാകുന്നു.

## ■ ശ്രീമദ് ഭാഗവതസപ്താഹയജ്ഞം

നിലവിലുള്ള ഭരണസമിതിയുടെ കാലയളവിൽ രണ്ട് ശ്രീമദ്ഭാഗവത സപ്താഹയജ്ഞങ്ങൾ നടന്നു. 2008 ഫെബ്രുവരി 17 മുതൽ 24 വരെ നടന്ന രണ്ടാമത് ശ്രീമദ്ഭാഗവത സപ്താഹയജ്ഞത്തിന്റെ യജ്ഞാചാര്യൻ ബ്രഹ്മശ്രീ വി.ബി. മാധവൻ നമ്പൂതിരി അവർകൾക്ക് ദേവീനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു. കാൽനാട്ടു കർമ്മം, കലവറ നിറയ്ക്കൽ, ദീപപ്രയാണം ഇവ പ്രൗഢഗംഭീരവും ഭക്തിസാന്ദ്രവുമായി നടത്തുകയുണ്ടായി.

25-01-2009 മുതൽ 31-01-2009 വരെ നടന്ന മൂന്നാമത് ശ്രീമദ്ഭാഗവത സപ്താഹയജ്ഞത്തിന്റെ യജ്ഞാചാര്യൻ ഭാഗവത ചൂഡാമണി പള്ളിക്കൽ സുനിൽ ആയിരുന്നു. യജ്ഞത്തിനു തുടക്കം കുറിച്ചുകൊണ്ട് ഗുരുവായൂർ ക്ഷേത്രത്തിൽ പൂജിച്ച് തിരുവാറന്മുള ക്ഷേത്രസന്നിധിയിൽ എത്തിച്ച മഹാഭാഗവതം ഭക്തസഹസ്രങ്ങളുടെ അകമ്പടിയോടെ രഥഘോഷയാത്രയായി ദേവീസന്നിധിയിൽ എത്തിക്കുകയുണ്ടായി. ഇത് വിജയപ്രദമാക്കി മാറ്റുന്നതിന് ആത്മാർത്ഥമായി സഹകരിച്ച എല്ലാ ഭക്തജനങ്ങൾക്കും ദേവീനാമത്തിൽ നന്ദി അറിയിക്കുന്നു.

ഭാഗവതത്തിലെ കഥാതന്തുക്കൾ ഭക്തിസാന്ദ്രമായും കാലോചിതമായും അവതരിപ്പിച്ച യജ്ഞാചാര്യന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. മൂന്നാമത് സപ്താഹയജ്ഞത്തിന്റെ വിവിധ ദിവസങ്ങളിലായി ശ്രീ. അടൂർപ്രകാശ് എം.എൽ.എ, ശ്രീമതി ഐഷാ പോറ്റി എം.എൽ.എ., ശ്രീ. വി.കെ. വിശ്വനാഥൻ തുടങ്ങിയവർ പങ്കെടുത്തു. സമർപ്പണദിവസം അനുഗ്രഹ പ്രഭാഷണം നടത്തുന്നതിനായി ദേവീസന്നിധിയിൽ എത്തിച്ചേർന്ന ഭാഗവതഹംസം ബ്രഹ്മശ്രീ. മള്ളിയൂർ ശങ്കരൻ നമ്പൂതിരിക്ക് ദേവീനാമത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ആ മഹാനുഭാവനെ സമർപ്പണ സഭയിൽ എത്തുക്കുവാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി കാണുന്നു.

കലവറ നിറയ്ക്കൽ, കാൽനാട്ടുകർമ്മം ഇവ പ്രൗഢഗംഭീരമായി നടത്തുന്നതിന് അഹോരാത്രം യത്നിച്ച എല്ലാ ഭക്തജനങ്ങൾക്കും ദേവീനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു. 2008, 2009 വർഷങ്ങളിൽ യഥാക്രമം കലവറയുടെ ചുമതല കൃത്യനിഷ്ഠയോടും ആത്മാർത്ഥതയോടും നിർവ്വഹിച്ച പ്രമാടം-വലഞ്ചുഴി കരയിൽ വരുണിൽ ശ്രീ. വിജയകുമാർ, രാധാസദനത്തിൽ ശ്രീ. ഗോപാലകൃഷ്ണ കുറുപ്പ് എന്നിവരെ

പ്രത്യേകം സ്മരിക്കുന്നു. സപ്താഹത്തിന് അന്നദാനത്തിനും പൂജാകർമ്മങ്ങൾക്കും സംഭാവന നല്കിയ ഭക്തജനങ്ങൾക്ക് ദേവസ്വത്തിന്റെ പേരിൽ ദേവീനാമത്തിൽ പ്രത്യേകം നന്ദി അറിയിക്കുന്നു. പുരാണഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിൽ വ്യാപൃതരായിരിക്കുന്ന 14 കരകളിലെയും ഭക്തജനങ്ങളെ പൊന്നാട നല്കി ആദരിക്കുകയുണ്ടായി.

## ■ ജീവകാരുണ്യപ്രവർത്തനങ്ങൾ

ദേവസ്വത്തിന്റെ സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് മംഗല്യനിധി, ചികിത്സാനിധി, വിദ്യാഭ്യാസനിധി ഇവ നല്കുന്നതിന് സാധിച്ചു. 14 കരകളിൽ നിന്നും ലഭിച്ച അപേക്ഷയിൽ അർഹതയുള്ളവർക്ക് മംഗല്യനിധി, ചികിത്സാനിധി, വിദ്യാഭ്യാസനിധി ഇവ നല്കി. വരുംവർഷങ്ങളിൽ കൂടുതൽ ആളുകൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതിന് ശ്രമിക്കാവുന്നതാണ്.

## ■ പൊങ്കാല

കുംഭഭരണി നാളിൽ **വലഞ്ചുഴി പൊങ്കാല** സമുചിതമായി ആഘോഷിച്ചുവരുന്നു. അന്നേദിവസം ആയിരക്കണക്കിന് നാരീജനങ്ങൾ വലഞ്ചുഴി അമ്മയ്ക്ക് പൊങ്കാല നിവേദ്യം അർപ്പിക്കുന്നതിന് എത്തിച്ചേരുന്നു. വലഞ്ചുഴി പൊങ്കാല ഒരു മഹോത്സവമായി മാറികഴിഞ്ഞു. ഭക്തജനങ്ങൾക്ക് കുടിവെള്ളം ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഒരുക്കുന്നതിന് ഭരണസമിതി അംഗങ്ങൾ, മറ്റു ഭക്തജനങ്ങൾ എന്നിവർ അതീവ ജാഗ്രത പുലർത്തിയിരുന്നു. എല്ലാവർക്കും ദേവീനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

## ■ ശിവരാത്രി മഹോത്സവം

പ്രത്യേക ശിവാലയവും, ശിവപ്രതിഷ്ഠയും നടന്നതിനാൽ 2009 ലെ ശിവരാത്രി മഹോത്സവം ഭക്തിസാന്ദ്രമായി ആഘോഷിച്ചു. അന്നേദിവസം ശിവക്ഷേത്രത്തിൽ പ്രത്യേക വഴിപാടുകൾ നടത്തിയിരുന്നു. നമ്മുടെ ക്ഷേത്രത്തിൽ ഇദംപ്രഥമായി **നാണയപ്പറ** സമർപ്പണം എന്ന വഴിപാട് നടത്തുവാൻ സാധിച്ചിട്ടുണ്ട്. 251 രൂപയ്ക്ക് ഭക്തർക്ക് നാണയപ്പറ സമർപ്പിക്കുവാൻ ഇപ്പോൾ അവസരമുണ്ട്. വരുംകാലങ്ങളിൽ ശിവരാത്രി വിപുലമായി ആഘോഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ■ മീനഭരണി

2008, 2009 വർഷങ്ങളിലെ മീനഭരണി ഭക്തിനിർഭരമായ ചടങ്ങുകളോടെ ആഘോഷിച്ചു. നാരങ്ങാനം പടയണി സംഘത്തിന്റെ നേതൃത്വത്തിൽ പടയണി നടന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് ധാരാളം ഭക്തജനങ്ങൾ പടയണി കാണാൻ എത്തി

യിരുന്നു. വഴിപാടുകോലങ്ങൾ ഇല്ലാത്ത കരകളിൽ കരക്കാരുടെ ചുമതലയിൽ ഭൈരവികോലം എഴുതി ക്ഷേത്രത്തിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചു. അതുപ്രകാരം പ്രമാടം കരയിൽ നിന്നും പ്രമാടം-മറൂർ കരയിൽ നിന്നും ഭൈരവികോലങ്ങൾ ഭക്തിനിർഭരമായ ചടങ്ങുകളോടെ ക്ഷേത്രസന്നിധിയിൽ എത്തിച്ചു. ഇതുവഴി വഴിപാട് കോലങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയും ഭക്തജനങ്ങളുടെ പ്രാതിനിധ്യം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പ്രമാടം കരയിലേയും, പ്രമാടം-മറൂർ കരയിലെയും ഭക്തജനങ്ങൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. വഴിപാടുകോലങ്ങൾ ക്ഷേത്രസന്നിധിയിൽ സമർപ്പിച്ച ഭക്തജനങ്ങൾക്ക് ദേവീനാമത്തിൽ നന്ദി അറിയിക്കുന്നു. മീനഭരണി ഉത്സവം, പടയണി ഇവ ഭംഗിയായി നടത്തുന്നതിന് സഹകരിച്ച നാരങ്ങാനം പടയണി സംഘത്തിനുപ്രത്യേകം നന്ദി അറിയിക്കുന്നു.

## ■ മേടഭരണി

മേടഭരണി നാളിൽ നടത്തിവരുന്ന ഭരണിസദ്യ ദേവസ്വത്തിന്റെ ചുമതലയിൽ ഭക്തിസാന്ദ്രമായും, വിപുലമായും ആഘോഷിച്ചു. ആയിരങ്ങൾ ഭരണിസദ്യയിൽ പങ്കെടുക്കുകയും ദേവീപ്രീതി നേടുകയും ചെയ്തു. ഭരണിസദ്യയിൽ ധനസഹായം നൽകിയ ഭക്തജനങ്ങൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

## ■ കർക്കിടകവാവുബലി

2009 ലെ കർക്കടക വാവുബലി ഇദം പ്രഥമമായി ആഘോഷിച്ചു. ദേവസ്വത്തിന്റെ ചുമതലയിൽ ബലിപ്പുരകൾ ക്രമീകരിക്കുകയും, ആചാര്യന്മാരുടെ കാർമ്മികത്വത്തിൽ പിതൃതർപ്പണം നടത്തുകയും ചെയ്തു. ആയിരങ്ങൾ പിതൃതർപ്പണത്തിന് കരപ്പുറത്ത് എത്തിച്ചേർന്നു. നദിപ്രവാഹത്തിന്റെ പ്രത്യേകത ഭക്തജനങ്ങൾക്ക് ഏറ്റവും ഉപകാരമാക്കിക്കൊണ്ട് വരുംവർഷങ്ങളിൽ കൂടുതൽ പ്രചാരത്തോടുകൂടി കർക്കിടവാവ് ബലിതർപ്പണം നടത്താവുന്നതാണ്.

## ■ വിനായകചതുർത്ഥി

2009 ലെ വിനായകചതുർത്ഥി ഇദം പ്രഥമമായി ആഘോഷിച്ചു. അഷ്ടദ്രവ്യ മഹാഗണപതിഹോമത്തിന് ആയിരങ്ങൾ പങ്കെടുത്തു. ഈ ആഘോഷം വരും വർഷങ്ങളിൽ വിപുലമാക്കി മാറ്റാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

ക്ഷേത്രത്തിലേക്ക് ആവശ്യമായ പൂജാസാമഗ്രികൾ, മറ്റുപാത്രങ്ങൾ ഇവ വാങ്ങാൻ സാധിച്ചു.

ക്ഷേത്രജീവനക്കാരുടെ ശമ്പളം കാലോചിതമായി പുതുക്കുന്നതിനായി ഒരു മൂന്നംഗകമ്മീഷനെ നിയമിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചു. മൂന്നംഗകമ്മിറ്റി

യുടെ അദ്ധ്യക്ഷൻ വെട്ടൂർ കരയിലെ കിയൊടിയിൽ ശ്രീ. കെ.എൻ ഗോപിനാഥൻ നായർ ആയിരുന്നു. റിപ്പോർട്ട് കൗൺസിൽ അംഗീകരിക്കുകയും 2009 ജനുവരി 1 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതുമൂലം ദേവസ്വത്തിന് പ്രതിമാസം 4120 രൂപയുടെ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. 2009 ജനുവരി മുതൽ ക്ഷേത്രജീവനക്കാരെ കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ പി.എഫിൽ ചേർക്കുന്നതിനും സാധിച്ചിട്ടുണ്ട്. മല്ലശ്ശേരി ഐ.ഒ.ബി യുടെ ബ്രാഞ്ചിലാണ് ജീവനക്കാരെ പി.എഫിൽ ചേർത്തിരിക്കുന്നത്.

ദേവസ്വത്തിൽ നീക്കിയിരിപ്പുള്ള സ്വർണ്ണം SBI യുടെ പത്തനംതിട്ട ബ്രാഞ്ചിൽ ലോക്കറിൽ സൂക്ഷിച്ചുവരുന്നു.

വലഞ്ചുഴി ദേവസ്വത്തിന്റെ 14 കരകളിലും മതപാഠശാല പ്രവർത്തനം നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിലും മതപാഠശാല നടക്കുന്ന കരകൾക്ക് ഗ്രാന്റ് നൽകി ഹിന്ദു നവോത്ഥാന മേഖലയിൽ ശ്രദ്ധപതിപ്പിക്കുന്നു. മതപാഠശാല അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

നിലവിലുള്ള ഭരണസമിതിയുടെ കാലഘട്ടത്തിൽ നടന്ന ലക്ഷാർച്ചന വിജയകരമായി നടത്തുവാൻ സാധിച്ചു.

നമ്മുടെ ക്ഷേത്രത്തിലെ വഴിപാടും, വരവ്-ചെലവ് കണക്കും കമ്പ്യൂട്ടർവത്കരിക്കുന്നതിന് ഈ ഭരണസമിതി ആലോചിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചില സോഫ്റ്റ്വെയർ കമ്പനികളുമായി ചർച്ച നടത്തുകയുമുണ്ടായി. ഇതുമൂലം ദേവസ്വത്തിന് ചെലവാകുന്ന പണം പ്രിന്റിംഗ് ഇനത്തിൽ ലാഭിക്കാമെന്നതും കൃത്യമായ കണക്ക് ഏതുസമയത്തും ലഭ്യമാകും എന്നതും ഇതിന്റെ ഗുണവശമാണ്. നിലവിൽ നമ്മുടെ ക്ഷേത്രത്തിലെ ജീവനക്കാരുടെ എണ്ണം നമ്മുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല. ആയതിനും ടി പൊതുയോഗം തീരുമാനം എടുക്കേണ്ടതുണ്ട്.

## ■ കാർഷികമേഖല

കാർഷികാദായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷേത്രകരപ്പുറത്തിനു വടക്കുഭാഗത്ത് ആറ്റുതീരം സംരക്ഷിച്ച് നൂറിൽപ്പരം വാഴത്തൈകൾ വെച്ച് സംരക്ഷിച്ച് വരുന്നു. ഇടവിളയായി കമുകിൻ തൈകളും വെച്ചിട്ടുണ്ട്. തെങ്ങും തൈകൾ നടുന്നതിനായി തൈകൾ പാകിയിട്ടുണ്ട്. ക്ഷേത്രാവശ്യങ്ങൾക്കായി കരിമ്പും കൂവള തൈകളും വെച്ചുപിടിപ്പിച്ചുവരുന്നു. നിലവിലുള്ള തെങ്ങിനും വാഴയ്ക്കും യഥാസമയം വളവും മറ്റും നല്കി സംരക്ഷിച്ചുവരുന്നു. ക്ഷേത്രത്തോട് ചേർന്നുള്ള കാവ് കേരളാ വനംവ

കുപ്പ് ആവിഷ്കരിച്ചിട്ടുള്ള കാവുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചു. ഇതിൽ നിന്നും ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. കേരള വിനോദ സഞ്ചാര ഭൂപടത്തിൽ നമ്മുടെ ക്ഷേത്രത്തെ ഉൾപ്പെടുത്തുവാനുള്ള ശ്രമം നടത്തിവരികയാണ്.

## ■ ഗതാഗതം

ക്ഷേത്രത്തിലേക്ക് ഭക്തജനങ്ങൾ എത്തിച്ചേരുന്ന റോഡുകൾ അറ്റകുറ്റപണികൾ തീർത്ത് കൂടുതൽ സഞ്ചാരയോഗ്യമാക്കുന്നതിന് ശ്രമിച്ചുവരുന്നു. ഭക്തജനങ്ങളുടെ ചിരകാലാഭിലാഷമായ നടപ്പാലത്തിന്റെ നിർമ്മാണം സാദ്ധ്യമാക്കുന്നതിനുള്ള നിവേദനങ്ങളും, പ്രൊജക്ടുകളും നല്കി കഴിഞ്ഞു. എത്രയും വേഗം നടപ്പാലത്തിന്റെ പണി നടക്കുന്നതിന് ദേവിയുടെ അനുഗ്രഹം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## ■ വിഷു എഴുന്നെള്ളത്ത്

വിഷു എഴുന്നെള്ളത്ത് ആചാരാനുഷ്ഠാനപ്രകാരം നടത്തുകയുണ്ടായി. അഴൂർ കരയിലെ ഭക്തജനങ്ങൾക്ക് വിഷു പറയിടുന്നതിന് പ്രത്യേക ക്രമീകരണം അഴൂർ ഹൈന്ദവ സേവാസമിതിയുമായി യോജിച്ച് ചെയ്യുകയുണ്ടായിട്ടുണ്ട്. വിഷു എഴുന്നെള്ളത്തിന് സഹകരിച്ച ഭക്തജനങ്ങൾക്ക് ദേവീനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

## ■ പറയ്ക്കെഴുന്നെള്ളത്ത്

2008, 2009 വർഷങ്ങളിൽ 14 കരകളിലും ആചാരാനുഷ്ഠാനങ്ങളോടും, ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിലും പറയ്ക്കെഴുന്നെള്ളത്ത് നടന്നു. പറയ്ക്കെഴുന്നെള്ളത്തിന് സഹായസഹകരണങ്ങൾ നല്കിയ എല്ലാ കരയിലെയും ഭക്തജനങ്ങൾക്ക് ദേവീനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു. പറയ്ക്കെഴുന്നെള്ളത്തുമായി ബന്ധപ്പെട്ട് കരകളിലെ ചെലവ് വർദ്ധിക്കുകയും ആചാരങ്ങൾക്ക് കോട്ടം വരാത്ത തരത്തിൽ എഴുന്നെള്ളിക്കുന്നതിന് പര്യാപ്തമായ ബ്രാഹ്മണരെ ലഭിക്കാത്തതിനാലും വരും വർഷങ്ങളിൽ ടി വിഷയത്തിൽ ഒരു വിചിന്തനം നടത്തി പറയ്ക്കെഴുന്നെള്ളത്ത് ക്രമീകരിക്കുന്നത് നന്നായിരിക്കും.

## ■ വ്യവഹാരം

നിലവിൽ ദേവസ്വം കക്ഷിയായി മൂന്ന് കേസ്സുകൾ നടന്നുവരുന്നു. ദേവസ്വത്തിന്റെ മുൻ വൈസ് പ്രസിഡന്റ് പത്തനംതിട്ട വലഞ്ചുഴി കരയിൽ റ്റി.ആർ. നാരായണൻ ദേവസ്വത്തിൽ നിന്നും കൈപ്പറ്റിയ തുക തിരികെ ലഭിക്കുന്നതിനായി പത്തനംതിട്ട മുൻസിഫ് കോടതിയിൽ ഒ.എസ്.417/07-ാം നമ്പരായി നടന്നുവരുന്ന കേസ്സിൽ

ടിയാൻ ദേവസ്വത്തിലേക്ക് നൽകേണ്ടതായ തുക ലഭിക്കുന്നതിന് ടിയാന്റെ പേരിൽ പത്തനംതിട്ട-മറൂർ കരയിൽപ്പെട്ട വസ്തു കോടതി അറ്റാച്ച് ചെയ്യുകയും ആയതിൽ ദേവസ്വത്തിന് അനുകൂലമായ വിധി വരികയും ടി വിധി നടപ്പാക്കുന്നതിനായി ഇപ്പോൾ വിധി നടപ്പാക്കാൻ ഹർജ്ജി നൽകിയിരിക്കുകയാണ്.

പത്തനംതിട്ട ൌണിൽ കണ്ണങ്കര ജംഗ്ഷന് സമീപത്തായി വലഞ്ചുഴി ദേവ സ്വത്തിന്റെ ഉടമസ്ഥതയിലും കരം തീരുവയിലുള്ള ഒന്നര സെന്റ് ഭൂമിയെ സംബ ന്ധിച്ച് പത്തനംതിട്ട മുൻസിഫ് കോടതിയിൽ ഒ.എസ്.305/06-ൽ പത്തനംതിട്ട ചാവടി തെക്കേതിൽ ശ്രീ. അജിത് കുമാർ ദേവസ്വത്തെ പ്രതിയാക്കി നടത്തിവരുന്ന കേസ്സിൽ ദേവസ്വം വക വസ്തു അളന്ന് അതിരുകൾ തിട്ടപ്പെടുത്താൻ കമ്മീഷനെ നിശ്ച യിക്കുകയും ആയതിൻപ്രകാരം ലഭിച്ച സ്കെച്ചിനെതിരെ ദേവസ്വം ഹർജ്ജി നൽകിയിട്ടുണ്ട്. ടി കേസ്സുകളിൽ ദേവസ്വത്തിനുവേണ്ടി പത്തനംതിട്ട ബാറിലെ അഭി ഭാഷകനായ അഡ്വ. കെ.എൻ. യശോധരനാണ് ഹാജരാകുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ ഒ.എസ്. 1061/07-ാം നമ്പർ കേസ്സിൽ, ദേവസ്വം വക വസ്തുവും പി.ഡബ്ല്യു.ഡി. കലുങ്കും നികത്തി നടത്തിയ നിർമ്മാണത്തിന് അനുമതി നൽകിയ പത്തനംതിട്ട മുനിസിപ്പൽ സെക്രട്ടറിയെ പ്രതിയാക്കി നടന്നുവരുന്ന കേസിൽ വിചാ രണ നടന്നുവരികയാണ്. ടി കേസ്സുകളിൽ ദേവസ്വത്തിന് അനുകൂലമായ വിധിയു ണ്ടാവട്ടെയെന്ന് ശ്രീഭുവനേശ്വരിയോട് പ്രാർത്ഥിക്കുന്നു.

## ■ വികസനപദ്ധതി

2006-ൽ നടത്തപ്പെട്ട ദേവപ്രശ്നത്തിൽ നിർദ്ദേശിക്കപ്പെട്ട പരിഹാര കർമ്മങ്ങ ളിലെ രണ്ട് ഘട്ടവും പൂർത്തിയാക്കി, മൂന്നാം ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിനും ഈ ഭരണസമിതിയുടെ കാലയളവിൽ സാധിച്ചിട്ടുണ്ട്. മൂന്നാം ഘട്ടമായ ക്ഷേത്രന വീകരണത്തിന് കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ നിർദ്ദേശാനുസരണം ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിലെ ഡീൻ ആയ ചെറുവള്ളി നാരായണൻ നമ്പൂതിരി വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ നൽകുകയുണ്ടായി. നമ്മുടെ ക്ഷേത്ര ത്തിന്റെ ചുറ്റുമതിൽ മുൻവശത്തെ പടി എന്നിവയ്ക്ക് വലിയ സാമ്പത്തിക ചെലവ് കണക്കാക്കുകയുണ്ടായി. കൂടാതെ നമ്മുടെ ക്ഷേത്രത്തിന്റെ പ്രത്യേകതയായ 'നദിപ്ര ദക്ഷിണംചെയ്യുന്ന' സ്ഥിതി പരമാവധി ഉപയോഗപ്പെടുത്തിയാവണം പുതിയ നിർമ്മാണം നടത്തേണ്ടത് എന്ന് നിർദ്ദേശിക്കുകയുണ്ടായി. പൂർണ്ണമായും കരിങ്കല്ലും തടിയും ഉപയോഗിക്കുന്ന ഒരു നിർമ്മാണ രീതിയാണ് സവിശേഷമായ ഈ പ്രദേശ

ത്തിന് യോജിക്കുന്നത് എന്നും അഭിപ്രായപ്പെടുകയുണ്ടായി. ക്ഷേത്രനവീകരണത്തിന് സഹായം വാഗ്ദാനം ചെയ്തുകൊണ്ട് നിരവധി ഭക്തർ ഭരണസമിതിയെ സമീപിക്കുകയുണ്ടായി. നിർദ്ദേശിക്കപ്പെട്ട നിർമ്മാണ രീതിക്ക് കുറഞ്ഞത് രണ്ട് വർഷമെങ്കിലും വേണ്ടിവരുമെന്നതിനാലും വർദ്ധിച്ച സാമ്പത്തിക ചെലവ് ഉണ്ടാകുമെന്നതിനാലും ഈ പൊതുയോഗത്തിൽ ഒരു തീരുമാനം ഉണ്ടാക്കുകയും കാലവിളംബം കൂടാതെ നവീകരണ പ്രവർത്തനം ആരംഭിക്കേണ്ടതായിട്ടുണ്ട്. എന്നാൽ അത്യന്തം മനുഷ്യ പ്രയത്നം വേണ്ടിവരുന്ന ഈ പ്രവർത്തനത്തിൽ ചില കരകളിൽനിന്നെങ്കിലും പ്രതീക്ഷിച്ച സഹകരണം ലഭിച്ചില്ല എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. നമ്മുടെ ക്ഷേത്രത്തിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങൾക്കും ഐശ്വര്യത്തിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള വികസനനിധിയിൽ സഹകരിച്ച എല്ലാ ഭക്തജനങ്ങൾക്കും ദേവീനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു. വികസനനിധി എല്ലാ കരകളിലും ഇനിയും ശരിയായ രീതിയിൽ നടത്താൻ സമയപരിധിമൂലം സാധിച്ചിട്ടില്ല. എന്നാലും അപാര കൃപാസിന്ധുവായ വലഞ്ചുഴി അമ്മയുടെ ഇച്ഛയ്ക്ക് അനുസരിച്ച് കാര്യങ്ങൾ നടക്കുകതന്നെ ചെയ്യും.

കഴിഞ്ഞ ഭരണസമിതി തുടങ്ങിവെച്ച ശിവാലയത്തിന്റെ പണി പൂർത്തീകരിക്കുകയും 2008 ഏപ്രിൽ മാസത്തിൽ ക്ഷേത്രതന്ത്രി അടിമുറ്റത്ത് മഠം സുകുമാരഭട്ടതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ ശിവപ്രതിഷ്ഠ നടത്തുവാനും സാധിച്ചു. ശിവപ്രതിഷ്ഠയുടെ മുന്നോടിയായി ശിവവിഗ്രഹം ചെങ്ങന്നൂരിൽ നിന്നും ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ഭക്തജനങ്ങളുടെ അകമ്പടിയോടുകൂടി ദേവീക്ഷേത്രസന്നിധിയിൽ എത്തിച്ചു. ശിവപ്രതിഷ്ഠാ ചടങ്ങിന് ആയിരങ്ങൾ ക്ഷേത്രസന്നിധിയിൽ എത്തിച്ചേർന്നു. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ ഭരണസമിതി അംഗങ്ങൾക്കും ക്ഷേത്രജീവനക്കാർക്കും ഭക്തജനങ്ങൾക്കും ദേവീനാമത്തിൽ നന്ദി രേഖപ്പെടുത്തുന്നു. പ്രതിഷ്ഠാകർമ്മങ്ങൾക്ക് നേതൃത്വം നൽകിയ അടിമുറ്റത്ത് സുകുമാരൻ ഭട്ടതിരി അവർകൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ശിവാലയം നിർമ്മിക്കുന്നതിന് സംഭാവന നല്കിയ പത്തനംതിട്ട വലഞ്ചുഴി കരയിലെ തെരനല്ലൂരിൽ ശ്രീമതി. അംബികാനായർക്ക് ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

## ■ സദ്യാലയം

ഭക്തജനങ്ങളുടെ ചിരകാലാഭിലാഷമായിരുന്ന സദ്യാലയം പണി കഴിക്കുന്നതിന് ദേവിയുടെ അനുഗ്രഹം കൊണ്ട് സാധിച്ചു. 500 പേർക്ക് ഒരേസമയം ആഹാരം കഴിക്കാവുന്ന ഒരു സദ്യാലയവും സ്റ്റേജും സ്റ്റേജിന്റെ ഇരുവശങ്ങളിലുമായി ഓരോ

മുറിയും വടക്കുവശത്തായി സ്റ്റോർ റൂം, പാചകപ്പുര ഇവ ചേർന്നതാണ് സദ്യാലയം. ബാക്കിപ്പണികളും താമസിയാതെ തീർക്കാൻ സാധിക്കുമെന്നു പ്രത്യാശിക്കുന്നു. സദ്യാലയത്തിന് ആവശ്യമായ 400 കസേരകൾ വാങ്ങി കഴിഞ്ഞു. സദ്യാലയത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ക്ഷേത്രപുനഃരുദ്ധാരണത്തിനായി നമ്മുക്ക് ഒരു വലിയ തുക കണ്ടെത്തേണ്ട തായിട്ടുണ്ട്. ക്ഷേത്രനവീകരണം, തിരുമുമ്പിലെ പടി, ഗോപുരം, സ്വർണ്ണധ്വജം ഇവ ഘട്ടംഘട്ടമായി ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. ഇവ കൂടി നടന്നുകഴിഞ്ഞാൽ നമ്മുടെ ക്ഷേത്രം ഒരു മഹാക്ഷേത്രമായി മാറും. മഹാന്മാർ പ്രവചിച്ച വാക്കുകൾ ദേവിയുടെ അനുഗ്രഹത്താൽ സത്യമായി ഭവിക്കട്ടെ. നമ്മൾ ആത്മാർത്ഥമായി പ്രവർത്തിച്ചാൽ അതിന് ആവശ്യമായ ധനം നമ്മുക്ക് ലഭിക്കും. അതിന് ദേവിയുടെ അനുഗ്രഹം എപ്പോഴും ഉണ്ട്.

വികസനനിധി എന്ന മഹായജ്ഞത്തിൽ എല്ലാ ഭക്തജനങ്ങളും കഴിവിന്റെ പരമാവധി സംഭാവന നല്കി സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ഒരിക്കൽകൂടി ദേവീനാമത്തിൽ അകൈതവമായ നന്ദിയറിയിച്ചുകൊണ്ട്,

വിശ്വസ്തതയോടെ,
(ഒപ്പ്)
**എം.എൻ. ജനാർദ്ദനൻ നായർ**
ദേവസ്വം സെക്രട്ടറി

# വലഞ്ചുഴി ദേവസ്വം, മല്ലശ്ശേരി, പത്തനംതിട്ട.

## 01.07.2007 മുതൽ 31.12.2007 വരെയുള്ള വരവ് ചെലവ് കണക്കുകൾ

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വഴിപാട് | 2,45,692.25 | നിത്യനിദാനം | 84,194.50 |
| സംഭാവന | 5,154.00 | കൂലിചെലവ് | 14,588.00 |
| കാണിക്ക | 53,325.75 | പ്രിന്റിംഗ് & സ്റ്റേഷനറി | 19,735.00 |
| നടവരവ് | 9,998.50 | ശമ്പളം | 74,944.00 |
| തറവാടക | 12,650.00 | പെൻഷൻ | 3,000.00 |
| ബാങ്ക് പലിശ | 1,630.00 | പോസ്റ്റേജ് | 2,355.00 |
| കാർഷികാദായം | 2,048.00 | ആഫീസ് ചെലവ് | 581.00 |
| അഡ്വാൻസ് | 24,406.00 | ടെലഫോൺ | 6,229.00 |
| ദേവസ്വം സി.ഡി. Vol 1 | 510.00 | കറന്റ് ചാർജ്ജ് | 13,843.00 |
| ദേവസ്വം സി.ഡി. Vol II | 4,360.00 | തിരുവുത്സവം | 1,000.00 |
| വികസനനിധി | 15,475.00 | ഉപകരണം | 1,810.00 |
| ആയില്ല്യപൂജ | 32,420.00 | ആയില്ലപൂജ | 7,144.50 |
| ദേവപ്രശ്ന പരിഹാരം | 200.00 | വികസന നിധി | 1,72,250.00 |
| സപ്താഹം | 1,700.00 | അഡ്വാൻസ് | 25,412.50 |
| മംഗല്യനിധി | 1,100.00 | കാർഷികചെലവ് | 1,379.00 |
| അംഗത്വഫീസ് | 64.00 | ദക്ഷിണ | 5,421.00 |
| | | മതപാഠശാല | 4,595.00 |
| | | പലവക | 3,255.00 |
| | | അറ്റകുറ്റപ്പണി | 3,727.00 |
| | | ബാങ്ക് ചാർജ്ജ് | 1,560.00 |
| | | കോടതി ചെലവ് | 4,377.00 |
| | | പൊതുയോഗം | 12332.00 |
| | | വിദ്യാരംഭം | 1500.00 |
| | | തെരെഞ്ഞെടുപ്പ് | 175.00 |
| **ആകെ** | **410733.50** | **ആകെ** | **465407.50** |
| **മുന്നിരിപ്പ്** | **5680.00** | **നീക്കിയിരിപ്പ്** | **11670.00** |
| **മുന്നിരിപ്പ് ബാങ്ക്** | **132618.56** | **നീക്കിയിരിപ്പ് ബാങ്ക്** | **71954.56** |
| **ആകെ** | **549032.06** | **ആകെ** | **549032.06** |

## 1-1-2008 മുതൽ 31.12.02008 വരെയുള്ള
## വരവ് ചെലവ് കണക്കുകൾ

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വഴിപാട് | 654515.00 | നിത്യ നിദാനം | 245608.00 |
| സംഭാവന | 17802.00 | കൂലി ചെലവ് | 60742.50 |
| കാണിക്ക | 196181.00 | പ്രിന്റിംഗ് & സ്റ്റേഷനറി | 52093.00 |
| നടവരവ് | 36462.00 | ശമ്പളം | 151270.00 |
| തറവാടക | 51940.00 | പെൻഷൻ | 6000.00 |
| സ്റ്റിക്കർ | 4240.00 | പോസ്റ്റേജ് | 4455.00 |
| ബാങ്ക് പലിശ | 1872.00 | ആഫീസ് | 1736.00 |
| കാർഷികാദായം | 3622.00 | ടെലഫോൺ | 12951.00 |
| പൊങ്കാല | 13327.00 | കറന്റ് ചാർജ് | 21448.00 |
| വിഷു എഴുന്നെള്ളിപ്പ് | 20566.00 | അഡ്വാൻസ് | 168175.00 |
| പറയ്ക്കെഴുന്നെള്ളിപ്പ് | 192805.00 | മംഗല്യനിധി | 15001.00 |
| അഡ്വാൻസ് | 163689.00 | കാർഷികാദായം | 3213.00 |
| മംഗല്യനിധി | 10636.00 | പറക്കെഴുന്നെള്ളിപ്പ് | 44515.00 |
| വികസനനിധി | 76039.00 | വികസന നിധി | 825662.00 |
| ആയില്യപൂജ | 39984.00 | വിഷു എഴുന്നെള്ളിപ്പ് | 9550.00 |
| ദേവസ്വം. സി.ഡി. Vol.1 | 2815.00 | ആയില്യപൂജ | 15890.00 |
| ദേവസ്വം. സി.ഡി. Vol.2 | 8890.00 | സപ്താഹം | 310538.00 |
| സപ്താഹം | 289886.00 | ദേവസ്വം സി.ഡി. Vol.1 | 4950.00 |
| ഭരണി സദ്യ | 21001.00 | ദേവസ്വം സി.ഡി. Vol.2 | 560.00 |
| സദ്യാലയം | 22000.00 | പൊങ്കാല | 22377.00 |
| പറയ്ക്കെഴുന്നെള്ളിപ്പ് കുടിശ്ശിക | 2000.00 | ഭരണി സദ്യ | 10350.00 |
| ലക്ഷാർച്ചന | 17361.00 | തിരുവുത്സവം | 119724.50 |
| മതപാഠശാല | 3000.00 | കുംഭ ഭരണി | 6393.00 |
| അംഗത്വഫീസ് | 468.00 | മീന ഭരണി | 22763.00 |
| വിറ്റുവരവ് | 160000.00 | മേട ഭരണി | 2895.00 |
| ബാങ്ക് ലോൺ | 200000.00 | ഉപകരണം | 17778.00 |
| | | ബാങ്ക് ചാർജ് | 1975.00 |
| | | കോടതി ചെലവ് | 8645.00 |
| | | ലക്ഷാർച്ചന | 11020.00 |
| | | ടാക്സ് & രജിസ്ട്രേഷൻ | 135.00 |
| | | പലവക | 4995.00 |
| | | അറ്റകുറ്റപ്പണി | 12091.00 |
| | | ദേവസ്വം സ്റ്റാൾ | 17000.00 |
| | | മതപാഠശാല | 5250.00 |
| | | ദക്ഷിണ | 4304.00 |
| | | യാത്രാചെലവ് | 582.00 |
| | | വെബ് സൈറ്റ് | 1500.00 |
| **ആകെ** | **2211101.00** | **ആകെ** | **2224135.00** |
| **മുന്നിരിപ്പ്** | **11670.00** | **നീക്കിയിരിപ്പ്** | **11709.00** |
| **മുന്നിരിപ്പ് ബാങ്ക്** | **71954.56** | **നീക്കിയിരിപ്പ് ബാങ്ക്** | **58881.56** |
| **ആകെ** | **2294725.56** | **ആകെ** | **2294725.56** |

# 01.01.2009 മുതൽ 30.06.2009 വരെയുള്ള
# വരവ് ചെലവ് കണക്കുകൾ

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വഴിപാട് | 404930.00 | നിത്യനിദാനം | 139015.00 |
| സംഭാവന | 14227.00 | കൂലിചെലവ് | 26812.00 |
| കാണിക്ക | 148187.00 | അഡ്വാൻസ് | 30368.00 |
| നടവരവ് | 11135.00 | മംഗല്യനിധി | 22000.00 |
| തറവാടക | 105420.00 | കാർഷികം | 8352.00 |
| സദ്യാലയം | 15700.00 | പറയ്ക്കെഴുന്നെള്ളിപ്പ് | 47376.00 |
| അഡ്വാൻസ് | 28704.00 | വികസന നിധി | 383649.00 |
| മംഗല്യനിധി | 7450.00 | വിഷു എഴുന്നെള്ളിപ്പ് | 9689.00 |
| കാർഷികാദായം | 5300.00 | സപ്താഹം | 331253.00 |
| പറയ്ക്കെഴുന്നെള്ളിപ്പ് | 182252.00 | പൊങ്കാല | 18500.00 |
| വികസനനിധി | 156119.00 | ഭരണി സദ്യ | 8360.00 |
| വിഷു എഴുന്നെള്ളിപ്പ് | 19162.00 | സി.ഡി. Vol. I | 9000.00 |
| സപ്താഹം | 419275.00 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 21727.00 |
| പൊങ്കാല | 11655.00 | ശമ്പളം | 86206.00 |
| ഭരണി സദ്യ | 9754.00 | പെൻഷൻ | 3500.00 |
| സി.ഡി. Vol. I | 5325.00 | പോസ്റ്റേജ് | 1167.00 |
| സി.ഡി. Vol. II | 5130.00 | ടെലഫോൺ | 5646.00 |
| സ്റ്റിക്കർ | 7950.00 | കറന്റ് ചാർജ്ജ് | 13440.00 |
| ആസ്തി വിറ്റുവരവ് | 96140.00 | തിരുവുത്സവം | 80397.00 |
| പ്രോവിഡന്റ് ഫണ്ട് | 2400.00 | കുംഭ ഭരണി | 5530.00 |
| ബാങ്ക് പലിശ | 1173.00 | മീന ഭരണി | 34252.00 |
| | | മേട ഭരണി | 5910.00 |
| | | ഉപകരണം | 138272.00 |
| | | പലവക | 5521.00 |
| | | ദക്ഷിണ | 1000.00 |
| | | യാത്രാചെലവ് | 1000.00 |
| | | കോടതി ചെലവ് | 150.00 |
| | | അറ്റകുറ്റപണി | 2510.00 |
| | | ശിവരാത്രി | 9833.00 |
| | | ബാങ്ക് ചാർജ്ജ് | 230.00 |
| | | മതപാഠശാല | 6510.00 |
| | | പത്രപരസ്യം | 12489.00 |
| | | ഇന്റർനെറ്റ് | 1200.00 |
| | | പ്രൊവിഡന്റ് ഫണ്ട് | 4800.00 |
| | | ടാക്സ് & രജിസ്ട്രേഷൻ | 277.00 |
| | | ലോൺ | 225992.00 |
| **ആകെ** | **1657388.00** | **ആകെ** | **1701933.00** |
| **മുന്നിരിപ്പ്** | **11709.00** | **നീക്കിയിരിപ്പ്** | **1063.00** |
| **മുന്നിരിപ്പ് ബാങ്ക്** | **58881.56** | **നീക്കിയിരിപ്പ് ബാങ്ക്** | **24982.56** |
| **ആകെ** | **1727978.56** | **ആകെ** | **1727978.56** |

# വലഞ്ചുഴിദേവസ്വം, പത്തനംതിട്ട
## 01.07..2007 മുതൽ 31.12.2007 വരെയുള്ള വരവ് ചെലവ് കണക്കുകൾ
# സമഗ്രവികസന പദ്ധതി

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വികസന നിധി | 39555.00 | ജനറൽ ഫണ്ട് | 15475.00 |
| ജനറൽ ഫണ്ട് | 172250.00 | ശിവക്ഷേത്രം | 44547.00 |
| ബാങ്ക് പലിശ | 580.00 | ടൊയിലറ്റ് ബ്ലോക്ക് | 27372.00 |
| | | ആർച്ച് | 17427.00 |
| | | ബാങ്ക് ചാർജ്ജ് | 75.00 |
| | | സദ്യാലയം | 185530.00 |
| | | പലവക | 300.00 |
| **ആകെ** | **1165460.00** | **ആകെ** | **290726.00** |
| **മുന്നിരിപ്പ്** | **1799.00** | **നീക്കിയിരിപ്പ്** | **1799.00** |
| **മുന്നിരിപ്പ് (ബാങ്ക്)** | **4220.85** | **നീക്കിയിരിപ്പ് (ബാങ്ക്)** | **4220.85** |
| **ആകെ** | **296745.85** | **ആകെ** | **296745.85** |

# വലഞ്ചുഴിദേവസ്വം, പത്തനംതിട്ട

## 01.01.2008 മുതൽ 31.12.2008 വരെയുള്ള വരവ് ചെലവ് കണക്കുകൾ

## സമഗ്രവികസന പദ്ധതി

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വികസന നിധി | 339367.00 | ജനറൽ ഫണ്ട് | 76039.00 |
| ജനറൽ ഫണ്ട് | 825662.00 | ശിവക്ഷേത്രം | 200521.00 |
| ബാങ്ക് പലിശ | 431.00 | സദ്യാലയം | 589984.00 |
| | | ബാങ്ക് ചാർജ്ജ് | 70.00 |
| | | പ്ലാൻ & എസ്റ്റിമേറ്റ് ചാർജ്ജസ് | 5000.00 |
| | | സ്റ്റേജ് | 232099.00 |
| **ആകെ** | **1165460.00** | **ആകെ** | **1103713.00** |
| **മുന്നിരിപ്പ്** | **1799.00** | **നീക്കിയിരിപ്പ്** | |
| **മുന്നിരിപ്പ് (ബാങ്ക്)** | **4220.85** | **നീക്കിയിരിപ്പ് (ബാങ്ക്)** | **67766.85** |
| **ആകെ** | **1171479.85** | **ആകെ** | **1171479.85** |

## 1-1-2009 മുതൽ 30.06.02009 വരെയുള്ള വരവ് ചെലവ് കണക്കുകൾ

## സമഗ്രവികസന പദ്ധതി

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വികസന നിധി | 96056.00 | ജനറൽ ഫണ്ട് | 156119.00 |
| ജനറൽ ഫണ്ട് | 383649.00 | സ്റ്റേജ് | 200426.00 |
| ബാങ്ക് പലിശ | 119.00 | സദ്യാലയം | 183320.00 |
| | | ശിവക്ഷേത്രം | 700.00 |
| | | ബാങ്ക് ചാർജ്ജ് | 170.00 |
| **ആകെ** | **479824.00** | **ആകെ** | **540735.00** |
| **മുന്നിരിപ്പ്** | **-** | **നീക്കിയിരിപ്പ്** | **-** |
| **മുന്നിരിപ്പ് (ബാങ്ക്)** | **67766.85** | **നീക്കിയിരിപ്പ് (ബാങ്ക്)** | **6855.85** |
| **ആകെ** | **547590.85** | **ആകെ** | **547590.85** |

# വലഞ്ചുഴിദേവസ്വം, മല്ലശ്ശേരി, പത്തനംതിട്ട

## 30.06.2009 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| മുതൽ | രൂപ | കടം | രൂപ |
|---|---|---|---|
| വസ്തു, കെട്ടിടം | 68,32,000.00 | | |
| ജംഗമങ്ങൾ : | | | |
| പൂജാപാത്രങ്ങൾ, | | | |
| ഉപകരണങ്ങൽ തുടങ്ങിയവ | 3,80,417.00 | | |
| സ്വർണ്ണം 1201.190 ഗ്രാം | 16,09,340.00 | | |
| വെള്ളി 120 ഗ്രാം | 2,640.00 | | |
| ഓട് 240 കിലോ 900 ഗ്രാം | 38,400.00 | | |
| ബാങ്ക് നിക്ഷേപം | | | |
| S.B.I പത്തനംതിട്ട അക്കൗണ്ട് | | | |
| 10336372394 | 24,982.56 | | |
| 10336372372 | 6,855.85 | | |
| കടം തിരികെ കിട്ടാനുള്ളത് | 1,00,000.00 | | |
| വികസന നിധി ,, ,, | 2,400.00 | | |
| അഡ്വാൻസ് ,, ,, | 192.00 | | |
| സ്റ്റിക്കർ- 2184 nos | 21,840.00 | | |
| സി.ഡി. vol no.1 (523 nos ) | 18,305.00 | | |
| സി.ഡി. vol no.2 (485 nos) | 29,100.00 | | |
| **ആകെ** | **90,66,472.41** | | |
| **നീക്കിയിരിപ്പ്** | **1,063.00** | **കടം നീക്കി മുതൽ** | **90,66,472.41** |
| **ആകെ** | **90,67,535.41** | **ആകെ** | **90,67,535.41** |

പത്തനംതിട്ട
13.10.2009

## ശ്രീമദ് ഭാഗവത സപ്താഹയജ്ഞം-2008 വരവ് ചെലവ് കണക്ക്

| | വരവ് | രൂ. സ. | | ചെലവ് | രൂ. സ. |
|---|---|---|---|---|---|
| 1 | സംഭാവന, വഴിപാട് | 2,42,341.00 | 1 | പന്തൽ, മൈക്ക്... | 98,863.00 |
| 2 | പരസ്യം | 25,250.00 | 2 | അന്നദാനം | 1,20,924.00 |
| 3 | സാധനങ്ങൾ വിറ്റത് | 22,295.00 | 3 | ദക്ഷിണ | 25,300.00 |
| | | | 4 | പൂജ | 16,034.00 |
| | | | 5 | പരസ്യം | 41,662.00 |
| | | | 6 | പരിപാടി (ഭജന, സംഗീതസദസ്സ്) | 7335.00 |
| | | | 7 | മറ്റിനങ്ങൾ | 425.00 |
| | **ആകെ** | **2,89,886.00** | | **ആകെ** | **3,10,538.00** |
| | **കമ്മി** | **20,652.00** | | | |

## ശ്രീമദ് ഭാഗവത സപ്താഹയജ്ഞം-2009 വരവ് ചെലവ് കണക്ക്

| | വരവ് | രൂ. സ. | | ചെലവ് | രൂ. സ. |
|---|---|---|---|---|---|
| 1 | സംഭാവന, വഴിപാട് | 3,43,332.00 | 1 | പന്തൽ, മൈക്ക്... | 67,803.00 |
| 2 | പരസ്യം | 41,000.00 | 2 | അന്നദാനം | 1,37,310.00 |
| 3 | സാധനങ്ങൾ വിറ്റത് | 34,943.00 | 3 | ദക്ഷിണ | 43,403.00 |
| | | | 4 | പൂജ | 15,451.00 |
| | | | 5 | പരസ്യം | 47,710.00 |
| | | | 6 | പരിപാടി (ഭജന, സംഗീതസദസ്സ്) | 19,161.00 |
| | | | 7 | മറ്റിനങ്ങൾ | 415.00 |
| | **ആകെ** | **4,19,275.00** | | **ആകെ** | **3,31,253.00** |
| | | | | **ബാലൻസ്** | **88,022.00** |

## ആഡിറ്റേഴ്സ് റിപ്പോർട്ട്

പത്തനംതിട്ട വലഞ്ചുഴി ദേവസ്വത്തിന്റെ 2007 ജൂലൈ മാസം 1-ാം തീയതി മുതൽ 2009 ജൂൺ 30-ാം തീയതി വരെയുള്ള വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട വൗച്ചറുകളും പുസ്തകങ്ങളുമായി ഒത്തുനോക്കി താഴെ കാണുന്ന നോട്ടിന് വിധേയമായി ശരിയാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

1. ദേവസ്വത്തിൽ നീക്കിയിരിപ്പുള്ള സ്വർണ്ണം, വെള്ളി, ഓട് തുടങ്ങിയവയുടെ വാല്യുവേഷൻ ദേവസ്വം അംഗീകരിച്ച് സർട്ടിഫൈ ചെയ്തിട്ടുള്ളതാണ്.
2. ദേവസ്വത്തിന്റെ അധീനതയിലുള്ള 1 ഹെക്ടർ 34.40 ആർ സ്ഥലവും അതിലുള്ള കെട്ടിടങ്ങളുടെയും വിലയും കൂടി 68,32,000/- ഒരു അംഗീകൃത വാല്യുവർ സർട്ടിഫൈ ചെയ്തിട്ടുണ്ട്.
3. നീക്കിയിരിപ്പ് ക്യാഷ് ദേവസ്വം സർട്ടിഫൈ ചെയ്തിട്ടുണ്ട്.
4. ബാങ്ക് ബാലൻസ് ബാങ്ക് സർട്ടിഫൈ ചെയ്തിട്ടുണ്ട്.

ശശി വിജയൻ & രാജൻ കമ്പനിക്കുവേണ്ടി,
**പി. മോഹൻകുമാർ**
ചാർട്ടേഡ് അക്കൗണ്ടന്റ്

# വികസനനിധി ശേഖരണം

**(01.07.2007 - 30.06.2009)**

| ക്രമനമ്പർ | കരയുടെ പേര് | ലഭിച്ചതുക |
|---|---|---|
| 1 | പ്രമാടം-വലഞ്ചുഴി | 68,851.00 |
| 2 | പത്തനംതിട്ട-വലഞ്ചുഴി | 49,455.00 |
| 3 | കുമ്പഴ | 30,000.00 |
| 4 | അഴൂർ | 23,003.00 |
| 5 | വെട്ടൂർ | 17,950.00 |
| 6 | തുണ്ടുമൺകര | 10,150.00 |
| 7 | പാലമറൂർ | 9,900.00 |
| 8 | പ്രമാടം-മറൂർ | 8,250.00 |
| 9 | പത്തനംതിട്ട ഠൗൺ | 7,118.00 |
| 10 | വെട്ടിപ്രം | 2,650.00 |
| 11 | ദേവസ്വം കൗണ്ടർ | 2,47,651.00 |
| | **ആകെ** | **4,74,978.00** |

## വിവിധ കരകളിൽ നിന്നും ലഭിക്കാനുള്ള രസീത്ബുക്ക്, തുക എന്നിവയുടെ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| 1 | **പത്തനംതിട്ട-വലഞ്ചുഴി**<br>അവിജിത്ത് ജെ. പിള്ള (മുൻകരകമ്മറ്റി കൺവീനർ)<br>(2006 വികസനപദ്ധതി കൂപ്പണുകളും ബാക്കി തുകയും) |
| 2 | **പ്രമാടം-വലഞ്ചുഴി**<br>വി.ആർ. അജികുമാർ<br>(2009 പറയ്ക്കെഴുന്നെള്ളിപ്പ് കണക്കും ബാക്കിതുകയും) |
| 3 | **കുമ്പഴ** - കെ. കൃഷ്ണൻകുട്ടി<br>(2009 പറയ്ക്കെഴുന്നെള്ളത്ത് രസീത്ബുക്ക്, കണക്ക്, ബാക്കി തുക) |
| 4 | **പ്രമാടം മറൂർ** - എ.ശശി (മുൻകരകമ്മറ്റി കൺവീനർ)<br>(2007-ലെ വികസനനിധി 2400/- രൂപ) |

# വലഞ്ചുഴി ദേവസ്വം

## ദേവസ്വം കൗൺസിൽ 2007-09

| | |
|---|---|
| **പ്രമാടം-വലഞ്ചുഴി** | വി.ആർ. അജികുമാർ (കൺവീനർ), എം.എൻ.ജനാർദ്ദനൻ നായർ, എം.എസ്. മദീഷ്കുമാർ. |
| **പത്തനംതിട്ട വലഞ്ചുഴി** | കെ. രാജീവ് (കൺവീനർ), കെ. ജയരാജ്, എസ്.ഹരിലാൽ |
| **കുമ്പഴ** | കെ.കൃഷ്ണൻകുട്ടി (കൺവീനർ), പി.വിദ്യാധരൻ നായർ, കൃഷ്ണൻ നായർ, കെ.കെ.ബിജു, കെ.എൻ. മോഹനകുമാരൻ നായർ, നാരായണൻ. |
| **പ്രമാടം** | പി.കെ.ഗോപാലകൃഷ്ണപിള്ള (കൺവീനർ), കെ.സുഭാഷ്, സുനിൽകുമാർ, ശ്രീജിത്ത്, ശെൽവരാജ് |
| **പാലമറൂർ** | രാജേഷ് (കൺവീനർ), പി.എസ്.മനോജ് കുമാർ, കെ.കെ.ഗോപിനാഥൻ നായർ |
| **പത്തനംതിട്ട മറൂർ** | വി.സന്തോഷ് കുമാർ (കൺവീനർ), അഡ്വ. എ.സുരേഷ് കുമാർ, എ.സന്തോഷ് കുമാർ |
| **പ്രമാടം-മറൂർ** | രാജൻ നായർ (കൺവീനർ), ജി. നാരായണൻ നായർ, ബാലകൃഷ്ണൻ നായർ |
| **പത്തനംതിട്ട ടൗൺ** | കെ.എം.വിജയരാജൻ (കൺവീനർ), ജി. അജികുമാർ, സന്തോഷ് |
| **വെട്ടൂർ** | ഓമനക്കുട്ടൻ സി.കെ. (കൺവീനർ), എ.ആർ.രാജേഷ്, സി.എൻ.വേണു |
| **അഴൂർ** | ഗോപാലകൃഷ്ണൻ ആചാരി (കൺവീനർ), അഡ്വ. റോഷൻ ആർ. നായർ, സോമനാഥൻ |
| **തുണ്ടുമൺകര** | റ്റി.കെ.തങ്കപ്പൻ നായർ (കൺവീനർ), സി.ആർ.അരവിന്ദാക്ഷൻ, എൻ.അജികുമാർ |
| **വെട്ടിപ്രം** | വിജയരാജൻ (കൺവീനർ), അഡ്വ. ഡി. അശോക് കുമാർ, ജി.ശശികുമാർ |

# വലഞ്ചുഴി ദേവസ്വം

മല്ലശ്ശേരി പി. ഒ., പത്തനംതിട്ട. ഫോൺ : 0468 – 2333100
E-mail : info@valamchuzhytemple.org Website : www.valamchuzhytemple.org



# വാർഷിക പൊതുയോഗം

2009 നവംബർ 29 ഞായർ (1185 വൃശ്ചികം 14) രാവിലെ 10 മണിക്ക്

## 01.07.2007 മുതൽ 30.06.2009 വരെയുള്ള
## വരവ് ചെലവ് കണക്കും പ്രവർത്തന റിപ്പോർട്ടും

ഓം ശ്രീ ഭുവനേശ്വര്യൈ നമഃ



# വലഞ്ചുഴി ദേവീക്ഷേത്ര വികസന നിധിയിലേക്ക് ഉദാരമായി സംഭാവന ചെയ്യുക

വലഞ്ചുഴി ദേവീക്ഷേത്രത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ/വികസന പ്രവർത്തനങ്ങളിൽ താങ്കളുടെ ഉദാരമായ സംഭാവന പ്രതീക്ഷിക്കുന്നു. ചെക്കുകളും ഡ്രാഫ്റ്റുകളും **പ്രസിഡന്റ്, വലഞ്ചുഴി ദേവസ്വം, മല്ലശ്ശേരി പി.ഒ., പത്തനംതിട്ട–689 646** എന്ന വിലാസത്തിൽ അയയ്ക്കുകയോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പത്തനംതിട്ട ബ്രാഞ്ചിലെ **10336372372** എന്ന അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയോ ചെയ്യാവുന്നതാണ്.



SARASIMUKHI VALAMCHUZHY AMMA DEVEEGEETHANGAL-VOL-2
ഓം ശ്രീ ഭുവനേശ്വര്യൈ നമഃ
സരസിമുഖി
SARASIMUKHI
വലഞ്ചുഴി അമ്മ
ദേവീഗീതങ്ങൾ
VOL-2
Rs.60/-



വലഞ്ചുഴി
അമ്മ
ദേവീഗീതങ്ങൾ
VOL-1
Rs.35/-

“കൂടിയല്ലാ പിറക്കുന്ന നേരത്തും
കൂടിയല്ലാ മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിന്നു നാം വൃഥാ”
-പൂന്താനം

“സത്തുക്കൾ ചെന്നിരന്നാലായർത്ഥത്തിൽ
സ്വല്പമാത്രംകൊടാചില ദുഷ്ടന്മാർ
ചത്തുപോംനേരം വസ്ത്രമതുപോലു-
മൊത്തിടാകൊണ്ടുപോവാനൊരുത്തർക്കും”
-പൂന്താനം

**PRINTED MATTER (BOOK POST)**

If undelivered please return to :

**SECRETARY**
**Valamchuzhy Devaswom**
**Mallassery P.O.,**
**Pathanamthitta - 689 646**
**Ph : 0468-2333100**

To

Sri. ..........................................................................

..........................................................................

..........................................................................